വഴിവെളിച്ചം

# മൂന്ന് അനശ്വര കർമങ്ങൾ

عَن أَبِى هُرَيْرَةَ رَضِي اللَّهُ عَنه أَنَّ رَسُولَ اللَّهِ ﷺ قَالَ: إِذَا مَاتَ الإِنْسَانُ إِنْقَطَعَ عَمَلُهُ إِلاّ مِنْ ثَلاَثَةٍ صَدَقَة جَارِيَة اَوْ عِلْم يُنْتَفَعُ بِهِ اَوْ وَلَد صَالِح يَدْعُو لَهُ

**അബൂഹുറയ്റ(റ)യിൽനിന്ന്: അല്ലാഹുവിന്റെ ദൂതൻ അരുളി: "മനുഷ്യൻ മരിക്കുന്നതോടെ, അവന്റെ കർമബന്ധം അറ്റുപോയി. മൂന്ന് കാര്യങ്ങളൊഴികെ. അവന്റെ നിതാന്ത ധർമം, പ്രയോജനകരമായ വിജ്ഞാനം, തനിക്ക് വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ഉത്തമ സന്തതികൾ എന്നിവയാണവ" (മുസ്‌ലിം).**

**മരണത്തോടെ** മുറിഞ്ഞു പോകാത്തതും പാരത്രിക ജീവിതത്തിൽ പ്രതിഫലം ഒഴുകിയെത്തുന്നതുമായ മൂന്ന് അനശ്വര കർമങ്ങളാണ് ഈ നബിവചനത്തിൽ വിവരിക്കുന്നത്.

മനുഷ്യന്റെ കർമ ഭൂമിയാണ് ഇഹലോകം. അല്ലാഹു നമുക്ക് കനിഞ്ഞരുളിയ മഹത്തായ അനുഗ്രഹമാണ് ജീവിതം. എന്നാൽ ഇവിടത്തെ സുഖവും ദുഃഖവും താൽക്കാലികം മാത്രം. പരലോകമാണ് പ്രതിഫലവേദി. അവിടെയാണ് യഥാർഥ ജീവിതം. ഇവിടെ വിതച്ചത് അവിടെ കൊയ്യും. സ്വന്തം കർമഫലം അവിടെ കാണും. ശ്രേഷ്ഠന് സ്വർഗം കിട്ടും. ദുഷ്ടന് നരകവും. മരിക്കുന്നതോടെ കർമ ബന്ധങ്ങൾ മുറിയും. പിന്നെ കർമത്തിന് അവസരമില്ല.

ഹദീസിൽ വിവരിക്കുന്ന അനശ്വര കർമങ്ങളിൽ ആദ്യത്തേത്, നിത്യനിതാന്ത ധർമമാണ്. പിൻതലമുറകൾക്ക് ഉപകരിക്കുന്നതും പ്രയോജനം സിദ്ധിക്കുന്നതുമായ ദാനധർമമാണിത്. ഒരാൾ പള്ളി നിർമിച്ച് അത് വഖ്ഫാക്കി മരിച്ചാൽ ആ പള്ളിയിൽ നമസ്കരിക്കുന്നവർ നേടുന്ന പുണ്യത്തിന്റെ ഒരംശം അയാളുടെ കർമപുസ്തകത്തിൽ വരവ് വെക്കപ്പെടും. ജലക്ഷാമമുള്ള പ്രദേശത്ത് കിണർ കുഴിച്ച് നൽകുന്ന ഒരാൾക്ക് അയാളുടെ മരണശേഷവും കർമപുസ്തകത്തിൽ പുണ്യങ്ങൾ വർധിച്ചുകൊണ്ടിരിക്കും.

വിജ്ഞാനമാണ് രണ്ടാമത്തേത്. ഉപകാരപ്രദമായ വിജ്ഞാനത്തിന്റെ പ്രതിഫലം മരണശേഷവും തുടർന്നുകൊണ്ടിരിക്കും. തനിക്കും സമൂഹത്തിനും ഗുണം ചെയ്യുന്നതാവണം അറിവ്. അറിവ് ആർജിക്കാൻ ഇസ്‌ലാം കൽപിക്കുന്നുണ്ട്. കാരണം, അറിവ് വെളിച്ചമാണ്. അറിവുള്ളവർ അറിവില്ലാത്തവരെ പഠിപ്പിക്കണം. 'സൽകാര്യങ്ങൾ പഠിപ്പിക്കുന്നവന് അല്ലാഹുവും മലക്കുകളും ആകാശ ഭൂമിയിലുള്ളവരും -മാളത്തിലെ ഉറുമ്പും കടലിലെ മത്സ്യവും- നന്മ ആശംസിക്കുമെന്ന്' ഹദീസിൽ വന്നിട്ടുണ്ട്. വിജ്ഞാനപ്രദമായ, ശാശ്വത മൂല്യമുള്ള ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ഇതിൽപെടും.

നല്ല മക്കളുടെ ആത്മാർഥമായ പ്രാർഥനകളാണ് ഒടുവിലത്തേത്. മരണപ്പെട്ട മാതാപിതാക്കളുടെ പാപമോചനത്തിനും സ്വർഗപ്രവേശനത്തിനും പ്രാർഥിക്കേണ്ടത് മക്കളുടെ ബാധ്യതയത്രെ. ജീവിച്ചിരിക്കുന്ന കാലത്ത് മാത്രമല്ല, മാതാപിതാക്കൾ മരിച്ചു കഴിഞ്ഞാലും മക്കൾക്ക് അവരോട് കടമയും കടപ്പാടുമുണ്ട് - ഇതാണ് ഇസ്‌ലാമിന്റെ വീക്ഷണം.

ബനൂസലമ ഗോത്രത്തിൽപെട്ട ഒരാൾ നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ,

എന്റെ മാതാപിതാക്കളുടെ മരണശേഷം അവർക്ക് വേണ്ടി ഞാൻ എന്തെങ്കിലും ചെയ്യേണ്ടതായി അവശേഷിക്കുന്നുണ്ടോ? നബി(സ) പറഞ്ഞു: "അതെ അവർക്ക് മയ്യിത്ത് നമസ്കരിക്കുക. അവർക്ക്, പാപമോചനത്തിനായി പ്രാർഥിക്കുക, അവരുടെ ബാധ്യതകൾ തീർക്കുക, അവർ വഴിയുള്ള കുടുംബബന്ധം ചേർക്കുക. അവരുടെ സ്നേഹിതന്മാരെ ഉപചരിക്കുക" (അബൂദാവൂദ്). ■

**അബ്ദുൽജബ്ബാർ കൂരാരി**